പച്ചരി വിതരണം ചെയ്യുകയാണെന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇല്ലെങ്കിൽ ഇതുമാറാൻ ആവശ്യമായ നിർദ്ദേശം കൊടുക്കുമോ ? മട്ടാഞ്ചേരിയെ മറക്കരുത്.

ഡെ. സ്പീക്കർ: മട്ടാഞ്ചേരിയിൽ പച്ചരിതന്നെയണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: മട്ടാഞ്ചേരിയെ കേരളത്തിൽ യാതൊരാളും മറക്കുകയില്ല. അതു വേറെ കാര്യമാണ്. ഞാൻ പൊന്നാനിയിൽ ചെന്നപ്പോഴും ഇതുപോലുള്ള പരാതികൾ ഉണ്ടായി. ബർമ്മയിൽ നിന്നും കുറച്ചു പുഴുക്കലരിയേ വരുന്നുള്ളൂ. അത് എല്ലാ ജില്ലകളിലും വിതരണം ചെയ്യാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. ഒരു സമയത്ത് അത് എല്ലാ സ്ഥലങ്ങളിലും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഏതായിരുന്നാലും പുഴുക്കലരിമാത്രം കൊടുക്കാൻ സാദ്ധ്യമല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: പച്ചരി പുഴുക്കലരിയേക്കാൾ നല്ലതാണെന്നും കാൽസ്യം കണ്ടൻറ്സ് വളരെയധികം അടങ്ങിയിട്ടുണ്ടെന്നും എക്സിമാപോലുള്ള സുഖക്കേടുകൾക്ക് വളരെ നല്ലതാണെന്നും ഉള്ളതു കണക്കിലെടുത്തുകൊണ്ട് പച്ചരി ഇറക്കുമതി തടയുന്നതിന് ഇടയാകുന്ന പ്രവണത ഇല്ലാതാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

Deputy Speaker: That is supplying information.

ശ്രീ. ആർ. എസ്. ഉണ്ണി: അരിയുടെ ലഭ്യതയെ സംബന്ധിച്ച് നിശ്ചയമില്ലാത്തതുകൊണ്ട് കരുതൽ സ്റ്റോക്കു സൂക്ഷിക്കാറുണ്ടെന്നു മന്ത്രി പറയുകയുണ്ടായി. ഇപ്പോൾ നമ്മുടെ എത്ര ടൺ അരിയാണ് കരുതൽ സ്റ്റോക്കായി സൂക്ഷിക്കുന്നത് ?

ശ്രീ. ഇ. കെ. ഇമ്പിച്ചബാവ: ഒന്നോ രണ്ടോ മാസത്തേയ്ക്കു വേണ്ടതും പിന്നെ കിട്ടുന്നതും സൂക്ഷിക്കുന്നുണ്ട്. രണ്ടു മാസത്തേയ്ക്കുള്ളതിൽ കൂടുതൽ നമ്മുടെ കൈയിൽ വരാറില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി: തമിഴ്നാടിന്റെ അതിർത്തിയിലുള്ള എസ്റ്റേറ്റുകളോടു ബന്ധപ്പെട്ട സ്ഥലങ്ങളിൽനിന്നും രണ്ടേക്കറിൽ കൂടുതലുള്ള നിലങ്ങളിൽനിന്നും മാത്രം ലെവിയെടുത്താൽ മതിയെന്നുണ്ടെങ്കിലും മദിരാശിയിൽനിന്നും മറ്റും അരി കടത്തിക്കൊണ്ടുവരാനുള്ള സൗകര്യമില്ലാത്തതുകൊണ്ട് അവിടത്തെ തൊഴിലാളികൾക്ക് വേണ്ടത്ര അരി കിട്ടാതെവരുന്നുണ്ട്. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് ആ സ്ഥലങ്ങളിലുള്ള തോട്ടം തൊഴിലാളികൾക്കുള്ള റേഷൻ തോതിൽ കുറച്ചുകൂടി വർദ്ധനവു വരുത്താൻ തയ്യാറാകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: റേഷൻ കൂട്ടിക്കൊടുക്കുന്ന പ്രശ്നമില്ല. പിന്നെ പുറമെനിന്നും അരികൊണ്ടുവരുന്നതിനുള്ള എൻ. ഒ. സി. ആവശ്യമുണ്ടെങ്കിൽ കച്ചവടക്കാർ സമീപിച്ചാൽ കൊടുക്കാവുന്നതാണ്. അവർക്ക് ലാഭവും കിട്ടും തൊഴിലാളികൾക്ക് അരിയും കിട്ടും.

കേരളത്തിലെ കർഷകത്തൊഴിലാളികളുടെ കൂലി

* 275 [962] ശ്രീ. എം. കെ. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ കർഷകത്തൊഴിലാളികളുടെ കൂലിയും ജോലി വ്യവസ്ഥകളും സംബന്ധിച്ച് ഈ അടുത്ത കാലത്ത് എന്തെങ്കിലും തീരുമാനങ്ങൾ ഐ. ആർ. സി. യിൽ കൂടിയോ മറ്റുവിധത്തിലോ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം വ്യവസ്ഥകളാണ് അംഗീകരിച്ചിട്ടുള്ളത്;

(സി) കുട്ടനാട് ഐ. ആർ. സി. യുടെ തീരുമാനങ്ങൾ എന്തെല്ലാം?

തൊഴിൽ മന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ):

(എ) കുട്ടനാട് ഐ. ആർ. സി. ചില കാര്യങ്ങളിൽ ഒത്തുതീർപ്പ് ഉണ്ടാക്കിയിട്ടുണ്ട്. മറ്റുവിധത്തിൽ വേറെ പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള തീരുമാനങ്ങളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി, സി) കുട്ടനാട് ഐ. ആർ. സി. യുടെ അടുത്ത കാലത്തു ഉണ്ടായ തീരുമാനത്തിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുന്നതാണ്.

ശ്രീ. എം. കെ. ജോർജ്ജ്: കോപ്പി മേശപ്പുറത്തുവയ്ക്കുന്നു എന്നു പറഞ്ഞു, അതെനിക്കു കിട്ടിയില്ല. അതിരിക്കട്ടെ. കുട്ടനാട് ഐ.ആർ.സി. നിലവിലുള്ള കൂലിയും ജോലി സമയവും ഭേദപ്പെടുത്തിക്കൊണ്ട് തൊഴിലാളികൾക്കു ദ്രോഹകരമായാണ് തീരുമാനമെടുത്തിട്ടുള്ളതെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: കുട്ടനാട് ഐ. ആർ. സി. തീരുമാനമെടുത്തപ്പോൾ ബന്ധപ്പെട്ട എല്ലാ കക്ഷികളും ഉണ്ടായിരുന്നു. അതുകൊണ്ട് തൊഴിലാളികക്ഷി അവർക്കുവേണ്ടി ശക്തിയായി വാദിച്ചിട്ട് അതിനു വേണ്ട നിലപാടു സ്വീകരിച്ചിട്ടുണ്ടെന്നാണ് എന്റെ അറിവ്.

ശ്രീ. എം. കെ. ജോർജ്ജ്: ബന്ധപ്പെട്ട കക്ഷികൾ ആരായിരുന്നാലും അവർ തൊഴിലാളികളുടെ താൽപര്യമനുസരിച്ചല്ല അവിടെ അഭിപ്രായം പറഞ്ഞിട്ടുള്ളത്. ഇപ്പോൾ ഒരു സ്ത്രീത്തൊഴിലാളിക്ക് മൂന്നര രൂപയും പുരുഷന് ആറു രൂപയും കിട്ടുന്നുണ്ട്. കൂലിനിരക്കിലും ജോലിസമയത്തിനും മാറ്റം വരുത്തിക്കൊണ്ടാണ് ഇപ്പോൾ തീരുമാനമെടുത്തിട്ടുള്ളതെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: ജോലി സമയത്തിന് യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

ശ്രീ. ഇ. ജോൺ ജേക്കബ്: ഐ. ആർ. സി. യിൽ എടുത്തിട്ടുള്ള തീരുമാനങ്ങളിൽ ഒപ്പുവച്ചവർതന്നെ അതിനുവിപരീതമായി ഒരാഴ്ച യ്ക്കകം പ്രസ്താവനകളിറക്കിയിട്ടുണ്ട്. ഐ. ആർ. സി. യിൽ എടുത്ത തീരുമാനങ്ങൾ ന്യായമായി നടപ്പിലാക്കുന്നതിന് നിയമിച്ച സ്പെഷ്യൽ ഓഫീസർ ഈ തീരുമാനങ്ങൾക്ക് കടകവിരുദ്ധമായ ചില തീരുമാനങ്ങൾ കൃഷിക്കാരേയും തൊഴിലുടമയേയും കൊണ്ട് ഉണ്ടാക്കിയതിന്റെ ഫലമായി ഇന്ന് വലിയ കുഴപ്പങ്ങൾ കുട്ടനാട്ടിൽ നടക്കുന്നുണ്ട്. കുഴപ്പങ്ങൾ മാറ്റാൻ വേണ്ടി ഉണ്ടാക്കിയ ഈ തീരുമാനം കൂടുതൽ കുഴപ്പങ്ങൾക്ക് വഴിതെളിക്കുന്നതുകൊണ്ട് ഇന്ന് കുട്ടനാട്ടിൽ കൃഷിയിറക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥ ഉണ്ടായിട്ടുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആ ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ള തെറ്റുതിരുത്തിക്കാൻ മന്ത്രി തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി മാഞ്ഞൂരാൻ: ഇങ്ങനെയൊരു വിവരം ഗവൺമെൻറിനില്ല. കുട്ടനാട്ടിൽ സംഘർഷാവസ്ഥകളൊക്കെ ഉണ്ടാകാറുണ്ടായിരുന്നു. അതുപോലെ ഇപ്പോഴും ഉണ്ടാകുന്നില്ലെന്നാണറിവ്. അഥവാ ഉണ്ടാകുന്നെങ്കിൽ ആരാണ് അതിനുത്തരവാദി എന്നു കണ്ടുപിടിച്ച് തക്ക നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. ജോൺ ജേക്കബ്: സർ, ഇക്കാര്യം ഞാൻ തന്നെ നേരിട്ടു ചെന്നു മന്ത്രിയോടു പറഞ്ഞതാണ്.

ഡെപ്യൂട്ടി സ്പീക്കർ: ഗവൺമെൻറിന് അറിവില്ലെന്നാണ് പറഞ്ഞത്.

ശ്രീ. കെ. എ. ശിവരാമഭാരതി: കുട്ടനാട്ടിൽ ഏർപ്പെടുത്തിയ പോലെതന്നെ പാലക്കാട്ടുള്ള കർഷകത്തൊഴിലാളികളുടെ കൂലിയും ജോലി വ്യവസ്ഥകളും നിജപ്പെടുത്തുന്നതിനുവേണ്ടി ഐ. ആർ. സി. കമ്മിറ്റി സംഘടിപ്പിക്കാൻ പോകുന്നതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ട്. അതിന് അടിയന്തിരനടപടികളും സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: അങ്ങനെയൊരു കമ്മിറ്റി വേണമെന്നു തീരുമാനിച്ചിട്ടുണ്ട്. എല്ലാ കാര്യങ്ങൾക്കും ഉണ്ടാകാവുന്നതുപോലെ ഇക്കാര്യത്തിനും കാലതാമസമോ കാലതാമസമില്ലായ്മയോ ഒക്കെ ഉണ്ടാകും.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഐ. ആർ. സി. കമ്മിറ്റി എടുത്ത തീരുമാനത്തിൽ ഒരു ആശയക്കുഴപ്പമുണ്ടായിട്ടുള്ളത് സൈറൻ ഊതുന്നതിനെ സംബന്ധിച്ചാണ്. തീരുമാനമനുസരിച്ച് 9 മണിക്ക് സൈറൻ ഊതണം, 12 മണിക്ക് സൈറൻ ഊതണം, 1 മണിക്ക് സൈറൻ ഊതണം, 5 മണിക്ക് സൈറൻ ഊതണം. ഇങ്ങനെ വരുമ്പോൾ 5 മണിക്കൂർ ജോലി സമയവും 6 മണിക്കൂർ ജോലിസമയവും 8 മണിക്കൂർ ജോലി സമയമാവും. ഇതിനെ സംബന്ധിച്ചാണ് തർക്കം. ഇതു സംബന്ധമായി ലേബർ ഓഫീസർ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ നടന്ന ചർച്ചകൾക്കു ശേഷം സൗഹാർദ്ദപരമായ ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: സൈറൻ ഊതുന്നതുകൊണ്ടു സമയം കൂടുന്നില്ല.

ശ്രീ. കെ. എം. മാണി: തൊഴിലാളികളുടെ തൊഴിൽ താൽപര്യങ്ങൾ കണക്കിലെടുത്തുകൊണ്ടായിരിക്കണം യോജിപ്പുള്ള ഒരു തീരുമാനത്തിൽ എത്തിയത് എന്ന് ബഹുമാനപ്പെട്ട മന്ത്രിയും, തൊഴിലാളി പ്രതിനിധികളും ആരായിരുന്നാലും അവർ തൊഴിലാളികളുടെ താൽപര്യങ്ങളല്ല അവിടെ പറഞ്ഞിട്ടുള്ളത് എന്ന് ശ്രീമാൻ എം. കെ. ജോർജ്ജും പറഞ്ഞ സ്ഥിതിക്ക് തൊഴിലാളികൾക്കുവേണ്ടി പങ്കെടുത്തത് ആരാണെന്നു വ്യക്തമാക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ:

ശ്രീ. വർഗ്ഗീസ്, തുണ്ടിൽ
,, എസ്, കെ. ദാസ്
,, കെ. വി. മാത്യൂസ്
,, വി. പി. നായർ
,, തോമസ് ജോൺ

ശ്രീ. ആർ. എസ്. ഉണ്ണി: കേരളത്തിലെ കർഷകതൊഴിലാളികളുടെ കുറഞ്ഞകൂലി ഒരു നോട്ടിഫിക്കേഷൻമൂലം ചട്ടപ്രകാരം ഗവൺമെന്റ് നിശ്ചയിച്ചിരിക്കുകയാണ്. ഈ നിശ്ചയിക്കപ്പെട്ടിട്ടുള്ള കൂലിയിൽ നിന്നു കൂലിക്കുറവും സേവനവ്യവസ്ഥയിൽ വ്യത്യാസവും വരുത്താൻ കുട്ടനാട്ടും പാലക്കാട്ടും ലേബർ ഡിപ്പാർട്ടുമെൻറു ദ്യോഗസ്ഥൻമാരും കളക്ടറർമാരും ശ്രമിക്കുന്നതായി അറിയാമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: കുട്ടനാട്ടു അങ്ങനെയൊരു ശ്രമം നടന്നതായി അറിവില്ല. പാലക്കാട്ട് അങ്ങനെയൊരു ശ്രമം നടക്കാനുള്ള കാരണം പാലക്കാട് കർഷകസംഘം മിനിമംവേജസ് നോട്ടിഫിക്കേഷൻ തടഞ്ഞുവെയ്ക്കുന്നതിന് ഹൈക്കോടതിയിൽ നിന്ന് ഒരു ഓർഡർ കൈവശപ്പെടുത്തിയിരിക്കുന്നതുകൊണ്ട് തൽക്കാലം സെറ്റിൽമെൻറ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കുട്ടനാട് ഐ. ആർ. സി. കർഷകത്തൊഴിലാളികൾക്ക് കൂലി നിശ്ചയിച്ചപ്പോൾ ആ നിശ്ചയിച്ച കൂലിയേക്കാൾ കൂടുതൽ കൂലി കിട്ടിക്കൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽ അതേകൂലിതന്നെ തുടർന്നുകിട്ടുന്നതിന് അവകാശമുണ്ടായിരിക്കുമല്ലോ.

ശ്രീ. മത്തായി മാഞ്ഞൂരാൻ: നിയമത്തിൽത്തന്നെ പറഞ്ഞിരിക്കുന്നതു അങ്ങനെയാണ്.

ശ്രീ. ഇ. ജോൺ ജേക്കബ്: ഗവൺമെൻറ് നോട്ടിഫിക്കേഷൻ അനുസരിച്ച് ഉള്ള മിനിമംകൂലിയേക്കാൾ കൂടിയ കൂലിയാണ് ഐ. ആർ. സി. മിനിമം കൂലിയായി അംഗീകരിച്ചിട്ടുള്ളത്. ആ കൂലിനിരക്ക് നടപ്പിലാക്കുമെന്ന തീരുമാനമാണ് ഐ. ആർ. സി. എടുത്തിട്ടുള്ളത് എന്നറിയാമോ ? അല്ലാതെ ഗവൺമെൻറു നിജപ്പെടുത്തിയിട്ടുള്ള കൂലി മിനിമം കൂലിയല്ല. എന്നംഗീകരിക്കുന്നുണ്ടോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: മിനിമംകൂലിയെ സംബന്ധിച്ച് ഒരു നോട്ടിഫിക്കേഷനുണ്ട്. ഒരു സ്ത്രീത്തൊഴിലാളിയുടെ മിനിമംകൂലി ഇപ്പോൾ 3 ഉറുപ്പികയാണ്. ഇപ്പോൾ കുട്ടനാട്ടിൽ നിശ്ചയിച്ചിരിക്കുന്നത് 3 രൂപ 40 പൈസയാണ്. പക്ഷെ തൊഴിലാളി പ്രതിനിധികൾ പറയുന്നത് 3 രൂപ 50 പൈസ മുതൽ 4 രൂപവരെ കുട്ടനാടൻ പ്രദേശങ്ങളിൽ കൂലികൊടുത്തുവരുന്നുണ്ട് എന്നാണ്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഐ. ആർ. സി. യിലുള്ള എല്ലാ കക്ഷികളുടെയും മെംബർമാർ ചേർന്ന് ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്. സൈറനെ സംബന്ധിച്ചുള്ള തെറ്റായ ധാരണ നീക്കുന്നതിനും, ഐ. ആർ. സി. തീരുമാനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നതിനും എതിരായിട്ടാണ് ഐ. ആർ. സി. മെംബർമാർ ഇതിൽ പ്രതിഷേധിച്ചിട്ടുള്ളത് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: ഇല്ല.

ശ്രീ. ആർ. കൃഷ്ണൻ: (പാലക്കാട്): ഗവൺമെൻറ് നിശ്ചയിച്ച മിനിമം കൂലിയിലും ഏറ്റവും കുറഞ്ഞകൂലിയാണ് പാലക്കാട്ടെ കർഷകത്തൊഴിലാളികൾക്കു കിട്ടുന്നത് എന്നുള്ളതു പരിഗണിച്ചും വളരെയധികം സമരങ്ങൾ നടക്കുന്നുണ്ട് എന്നുള്ളതുകൊണ്ടും ഒരു സ്പെഷ്യലാഫീസറെ

LIBRARY ARCHIVES Kerala Legislative Assembly

നിയമിക്കാൻ ദയവുണ്ടാകുമോ? അതോടൊപ്പം അടുത്തുതന്നെ ഐ. ആർ. സി. കമ്മിറ്റി രൂപീകരിക്കാനും നടപടികയം സ്വീകരിക്കുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: പാലക്കാട്ടെ ഡിസ്ട്രിക്ട് ലേബർ ആഫീസർക്കു വ്യവസായതർക്കപരമായ അത്ര വലിയ ബദ്ധപ്പാടൊന്നു മില്ലാത്തതുകൊണ്ട് കാർഷികരംഗത്തും അദ്ദേഹംതന്നെ മതിയാകുന്നതാണ്.

ശ്രീ. കെ. ടി. ജേക്കബ്: കോട്ടയം ഡിസ്ട്രിക്ടിലെ കൂരാലി എന്ന സ്ഥലത്ത് കർഷകത്തൊഴിലാളികയം മിനിമം വേജസ്സിനുവേണ്ടി ദീർഘ കാലമായി സമരം നടത്തിവരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അടിയന്തിരമായ നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: നോട്ടീസില്ലാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കർഷകത്തൊഴിലാളികളുടെ ഇടയിൽ കൂലിക്കൂടുതലിനു വേണ്ടിയുള്ള സമരം സർവസാധാരണമായി ഉണ്ടാകുകയാണ്. നിലവിലുള്ള ലേബർ ആഫീസർമാർതന്നെ ഈ പ്രശ്നത്തിന് അടിയന്തിര പ്രാധാന്യം നൽകി പരിഹാരം ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടികളെടുക്കാൻ നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: ആ നിർദ്ദേശം കൊടുത്തിട്ട് വളരെ ക്കാലമായി.

ശ്രീ. കെ. എം. മാണി: ഐ. ആർ. സി. എടുത്ത തീരുമാനം ഐകകണ്ഠ്യേനയുള്ളതായിരുന്നുവോ, അതോ അത് മന്ത്രിയുടെ മുൻപിൽ വച്ചെടുത്ത തീരുമാനമായിരുന്നുവോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളെപ്പറ്റി ചർച്ചചെയ്തു യോജിക്കാവുന്ന തീരുമാനങ്ങയം എടുക്കും. ഐകകണ്ഠ്യേനയാണോ എന്നു പ്രത്യേകം പറയാൻ സാധിക്കുകയില്ല. വാദപ്രതിവാദങ്ങയംക്കുശേഷം എത്തിച്ചേരുന്ന നിലവാരത്തിൽ എടുക്കുന്ന തീരുമാനമാണ്.

Shri M. M. Thomas: I am not putting Question No. 963 since Mr. Wellingdon is to answer the question as Health Minister.

പുതിയ സഹകരണ സർക്കിയം അസിസ്റ്റന്റ് രജിസ്ട്രാർമാർ

*276 [964] ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങയംക്ക് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണ തത്വം അനുസരിച്ച് പുതിയ സഹകരണ സർക്കിയം അസിസ്റ്റന്റ് രജിസ്ട്രാർമാർക്ക് എന്തെല്ലാം അധികാരങ്ങളാണ് കൊടുത്തിട്ടുള്ളത് ;

(ബി) ലിക്വിഡേഷൻ സംബന്ധിച്ച് ഏതാനും അധികാരങ്ങയം അസിസ്റ്റന്റ് രജിസ്ട്രാരൻമാർക്ക് കൊടുത്തിട്ട് കണ്ടീഷണൽ അറ്റാച്ച്മെന്റിനുള്ള അധികാരം കൊടുക്കാതിരിക്കുന്നത് എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly